പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2763

13/03/2020-ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള ഭൂമി

| ചോദ്യം<br>ശ്രീ പി. ടി. എ. റഹീം | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുന്ദമംഗലത്ത് വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള ഒരു ഏക്കർ സ്ഥലം അതിര് നിർണ്ണയിച്ച് കയ്യേറ്റം തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഈ സ്ഥലം അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ആരംഭിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിലെ M1/186/2019 നമ്പർ ഫയലിന്മേൽ ഏത് തീയതിയിലാണ് ഡി.പി.ഐ.യോട് റിപ്പോർട്ട് ചോദിച്ചതെന്നറിയിക്കാമോ; | (ബി) | 21/08/2019-ൽ |
| (സി) | ഇതിന്മേൽ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറോട് വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) | പൊതുവിദ്യാഭ്യാസ ഡയറക്ടർ, കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറോട് വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട് |
| (ഡി) | ഡി.പി.ഐ.യിൽ നിന്നും ഏത് തീയതിയിലാണ് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് കത്തയച്ചത്; ഇതു സംബന്ധിച്ച റിപ്പോർട്ട് ഡി.പി.ഐ.യിൽ ലഭിച്ചിട്ടുണ്ടോ; | (ഡി) & (ഇ) | 07/09/2019-ലാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്ത് അയച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടില്ല ഭരണപരമായ കാലതാമസമാണ് റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ ഉണ്ടായിട്ടുള്ളത്. |
| (ഇ) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ